LIBRARY ARCHIVES Kerala Legislative Assembly

മാർജിൻ ഫ്രീ മാർക്കറ്റുകൾക്ക് സർക്കാർ നിയന്ത്രണം

*26 [86] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധഭാഗങ്ങളിൽ മാർജിൻ ഫ്രീ സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ വിറ്റഴിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരത്തെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ;

(സി) മാർജിൻ ഫ്രീ മാർക്കറ്റുകൾ സർക്കാരിന്റെ മാവേലി സ്റ്റോറിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇല്ല. മാവേലി സ്റ്റോറുകളുടെ വിറ്റുവരവിൽ 2002-03 സാമ്പത്തിക വർഷം 18 ശതമാനം (26.33 കോടി രൂപ) വർദ്ധനവും 2003-04 സാമ്പത്തിക വർഷം 32 ശതമാനം (56.98 കോടി രൂപ) വർദ്ധനയും കാണിക്കുന്നത് മാർജിൻ ഫ്രീ മാർക്കറ്റുകൾ മാവേലി സ്റ്റോറുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ല എന്നതാണ്.

കേന്ദ്ര കയറ്റിറക്കുമതി നയവും സംസ്ഥാന കാർഷിക മേഖലയും

*27 [87] ശ്രീ. കെ. രാധാകൃഷ്ണൻ:

" രാജു എബ്രഹാം:

" ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പിൻതുടരുന്ന കയറ്റിയിറക്കുമതി നയം സംസ്ഥാനത്തിന്റെ കാർഷികമേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) കേന്ദ്രത്തിന്റെ കയറ്റിയിറക്കുമതി നയം സംസ്ഥാനത്തിന്റെ കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) എങ്കിൽ കയറ്റിറക്കുമതി നയത്തിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്രത്തിന്റെ നിലപാട് എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇറക്കുമതി നിയന്ത്രിക്കുന്നതിന് തീരുവ ഉയർത്തണമെന്ന് സംസ്ഥാന സർക്കാരിന്റെ ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ നിലപാട് വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) ഉണ്ട്. ആഗോളവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ രൂപപ്പെടുത്തിയിട്ടുള്ള കയറ്റിറക്കുമതി നയങ്ങൾ പ്രകാരം ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതിക്ക് ഡബ്ല്യു. റ്റി. ഒ. നിബന്ധനകൾ പ്രകാരം സോയാബീൻ എണ്ണ ഒഴിച്ച് മറ്റു എണ്ണകൾക്ക് 300 ശതമാനം വരെ ഇറക്കുമതി തീരുവ ചുമത്താമെങ്കിലും ക്രൂഡ് പാമോലിന് 65 ശതമാനം മാത്രം തീരുവ ഏർപ്പെടുത്തിയതുകൊണ്ടും ആർ.ബി.ഡി. പാമോലിന് 85 ശതമാനം ആയിരുന്നത് 2003-ൽ 70 ശതമാനമായി കുറയ്ക്കുകകൂടി ചെയ്തുകൊണ്ടും വെളിച്ചെണ്ണയുടെ വിപണിയെ ദോഷകരമായി ബാധിച്ചത് സംസ്ഥാനത്തിന്റെ കേര സമ്പദ്ഘടനയ്ക്ക് വൻ ആഘാതമുണ്ടാക്കി. കൂടാതെ ഇൻഡോ-ശ്രീലങ്കൻ സ്വതന്ത്ര വ്യാപാര കരാറിന്റെ അടിസ്ഥാനത്തിൽ കാർഷിക കോൽപ്പന്നങ്ങൾ തീരുവരഹിതമായി ഇറക്കുമതി ചെയ്യപ്പെടുന്നത് സംസ്ഥാനത്തിന്റെ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണിയെ സാരമായി ബാധിച്ചിട്ടുണ്ട്.

(സി) കരുതുന്നുണ്ട്.

(ഡി) ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യം കേന്ദ്ര സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഇറക്കുമതി നിയന്ത്രിക്കുന്നതിനായി ഇറക്കുമതി തീരുവ പരമാവധി ഡബ്ല്യു. റ്റി. ഒ. നിബന്ധിത നിരക്കിലേക്ക് ഉയർത്തണമെന്ന സംസ്ഥാനത്തിന്റെ സ്ഥിരമായ ആവശ്യം പുതിയ കേന്ദ്രസർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കാൻ നടപടി

*28 [88] ശ്രീ. കെ. സി. ജോസഫ്:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. എം. പി. ഗംഗാധരൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ഒരു മാസത്തേക്കാവശ്യമായ മണ്ണെണ്ണയുടെ അളവെത്ര;

(ബി) ഇപ്പോൾ സംസ്ഥാനത്തിനു അനുവദിച്ച മണ്ണെണ്ണയുടെ വിഹിതമെത്ര;

LIBRARY ARCHIVES Kerala Legislative Assembly